# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 17.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ത്രിരാഷ്ട്ര സന്ദർശനം പുരോഗമിക്കുന്നു. നാല് കരാറുകളിൽ ഒപ്പുവച്ച് ഇന്ത്യയും മൗറിറ്റാനിയയും.**

**President Droupadi Murmu's three-nation visit is in progress. India and Mauritania sign four agreements.**

2). **പാലി ഭാഷയെ ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അഭിധം ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.**

**Prime Minister Narendra Modi to attend the International Abhidhamma Divas celebrations in New Delhi today.**

3). **ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് തിരുവനന്തപുരത്ത് തറക്കല്ലിടും.**

**Union Minister of State Jitendra Singh to lay the foundation stone for the Center of Excellence in Ayurvedic Research in Thiruvananthapuram today.**

4). **ഹരിയാനയിൽ ബിജെപി നേതാവ് നയാബ് സിംഗ് സൈനിയുടെ നേതൃത്വത്തിലുള്ള സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**

**BJP leader Nayab Singh to take oath as Chief Minister of Haryana today.**

5). **ദാരിദ്ര്യത്തിൽ കഴിയുന്നവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ലക്ഷ്യമിട്ട് ഇന്ന് അന്താരാഷ്ട്ര ദാരിദ്ര്യ നിർമാർജന ദിനം.**

**International Day for the Eradication of Poverty observed today to show solidarity with those living in poverty.**

**6). ഇന്ത്യ-ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. SAFF വനിതാ ഫുട്ബോളിൽ ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം.**

**In cricket, test between India and New Zealand will begin today. India to face arch-rivals Pakistan in SAFF Women's Championship.**

======================================

## PRZ VISIT- MAURITANIA - (INTRO)

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ രണ്ടാം ഘട്ടത്തിൽ മൗറിറ്റാനിയയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു മൗറിറ്റാനിയൻ പ്രസിഡൻറ് മുഹമ്മദ് ഗസൗനിയുമായി ഉഭയകക്ഷി ചർച്ച നടത്തി. നിരവധി പ്രതിനിധിതല ചർച്ചകളിലും ശ്രീമതി മുർമ്മു പങ്കെടുത്തു.

ഇന്ത്യ- മൗറിറ്റാനിയ ബന്ധം ശക്തിപ്പെടുത്തുന്നതിന് നാല് കരാറുകളിലും ഒപ്പുവച്ചു.

**ആകാശവാണിക്ക് വേണ്ടി രാഷ്ട്രപതിയുടെ മാധ്യമ സംഘത്തിൽ നിന്നും മയൂഷ എ എം.....**

**(വോയിസ്...................)**

മൗറിറ്റാനിയയിലെ ഇന്ത്യൻ പ്രവാസികളുമായും രാഷ്ട്രപതി ആശയവിനിമയം നടത്തി. ത്രി രാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിനായി രാഷ്ട്രപതി മലാവിയിലേക്ക് പുറപ്പെട്ടു.

======================================

## PM - ABHIDHAMMA DIVAS

കേന്ദ്രസർക്കാർ പാലി ഭാഷയെ ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ചതിൻറെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അഭിധം ദിവസ് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് അന്താരാഷ്ട്ര ബുദ്ധിസ്റ്റ് കോൺഫെഡറേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കിരൺ റിജിജു തുടങ്ങിയവർ സംബന്ധിക്കും.

======================================

## TRUDEAU – ADMISSION

ഖലിസ്ഥാനി ഭീകരൻ ഹർദീപ് സിങ് നിജ്ജറിൻറെ വധവുമായി ഇന്ത്യക്ക് ബന്ധമുണ്ടെന്ന് ആരോപിച്ച സമയത്ത് കനേഡിയൻ സർക്കാരിന് ഇക്കാര്യത്തിൽ വ്യക്തമായ തെളിവ് ലഭിച്ചിരുന്നില്ലെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ. തെളുവുകളില്ലാതെയും ശരിയായ ഇൻറലിജൻസ് വിവരം ലഭിക്കാതെയുമാണ് ആരോപണം ഉന്നയിച്ചതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഇന്ത്യ പറഞ്ഞിരുന്ന കാര്യങ്ങൾ തന്നെയാണ് അന്വേഷണ കമ്മീനുമുന്നിലെ കനേഡിൻ പ്രധാനമന്ത്രി ജസ്റ്റിൻട്രൂഡോയുടെ വെളിപ്പെടുത്തൽ വ്യക്തമാക്കുന്നതെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രതികരിച്ചു.

=======================================

## JITHENDRA SINGH

C.S.I.R – N.I.I.S.T സുവർണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിൻറെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. പെർഫോമൻസ് കെമിക്കൽസ് ആൻറ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിന്റെ കേന്ദ്രവും കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്യും. തിരുവന്തപുരം രാജീവ് ഗാന്ധി ബയോടെക്നോളജി സെൻററിൽ വിവിധ പദ്ധതികളുടെ 300 ഗുണഭോക്താക്കളെയും കേന്ദ്രമന്ത്രി അഭിസംബോധന ചെയ്യും.

=======================================

## MANN KI BAAT QUIZ

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി നടന്നുവരുന്ന പ്രശ്നോത്തരിയുടെ സീസൺ 4 മത്സരങ്ങൾ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കാര്യവട്ടത്ത് നടക്കുന്ന ചടങ്ങിൽ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ അധ്യക്ഷത

വഹിക്കും. കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്യും.

=====================================

## HARIYANA – BJP SWEARING

ഹരിയാനയിൽ ബിജെപി നേതാവ് നയാബ് സിംഗ് സൈനിയുടെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. പഞ്ച്കുലയിലെ ഷാലിമാർ ഗ്രൗണ്ടിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ബിജെപി നിയമസഭാ കക്ഷി നേതാവായി സൈനിയെ നേരത്തെ തെരഞ്ഞെടുത്തിരുന്നു.

=====================================

## METHANOL SEMINAR

രണ്ട് ദിവസത്തെ അന്താരാഷ്ട്ര മെഥനോൾ സെമിനാറിനും എക്സ്പോ 2024 നും ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. അമേരിക്കയിലെ മെഥനോൾ ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ സഹകരണത്തോടെ നിതി ആയോഗ് ആണ് പരിപാടി സംഘടിപ്പിക്കുന്നത്. മെഥനോൾ ഉൽപ്പാദനം, ഉപയോഗം, സാങ്കേതിക വിദ്യ, ഗവേഷണ വികസന സംരംഭങ്ങൾ എന്നിവയെ സംബന്ധിച്ച് ചർച്ചകൾ നടക്കും.

=====================================

## ബ്രേക്ക്.......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

=====================================

## CABINET – DA (INTRO)

കേന്ദ്രസർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും, പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. രാജ്യത്തെ 49 ലക്ഷത്തിലധികം ജീവനക്കാർക്കും 64 ലക്ഷത്തിലധികം പെൻഷൻകാർക്കും ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

=====================================

## CABINET-DECISIONS

2025-26 വിപണന കാലയളവിൽ എല്ലാ റാബി വിളകളുടെയും കുറഞ്ഞ താങ്ങുവില വർധിപ്പിക്കുന്നതിനും കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കടുക് ക്വിൻറലിന് 300 രൂപയും, പരിപ്പ് ക്വിൻറലിന് 275 രൂപയും പയർവർഗങ്ങളുടെ കുറഞ്ഞ താങ്ങുവിലയിൽ ക്വിൻറലിന് 210 രൂപയുടെ വർധനയും വരുത്തി. ഉത്തർപ്രദേശിൽ വാരണാസി - പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ മൾട്ടിട്രാക്കിംഗ് നിർമ്മാണത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

=======================================

## POVERTY ERADICATION DAY

ഇന്ന് അന്താരാഷ്ട്ര ദാരിദ്ര്യ നിർമാർജന ദിനം. ദാരിദ്ര്യത്തിൽ കഴിയുന്നവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനായാണ് എല്ലാ വർഷവും ഒക്ടോബർ 17 ദാരിദ്ര്യ നിർമാർജന ദിനമായി ആചരിക്കുന്നത്. "സാമൂഹികവും സ്ഥാപനപരവുമായ ദുരുപയോഗം അവസാനിപ്പിക്കുക, നീതിയും സമാധാനവും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

=======================================

## CRICKET IND NZ TEST

ഇന്നലെ കനത്ത മഴ മൂലം മാറ്റിവച്ച ഇന്ത്യ-ന്യൂസിലൻഡ് ക്രിക്കറ്റിന്റെ ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം രണ്ടാം ദിനമായ ഇന്ന് നേരത്തെ ആരംഭിച്ചേക്കും. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 24 മുതൽ 28 വരെ നടക്കും.

=======================================

## SAFF-FOOTBALL

കാഠ്മണ്ഡുവിൽ നടക്കുന്ന SAFF വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 5:15 നാണ് മത്സരം.

നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനൊപ്പം ഇന്ത്യയും പാകിസ്ഥാനും ഗ്രൂപ്പ് എയിലാണ്.

=======================================

## KERALA CM – ASWINI VAISHNAV

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി മുഖ്യമന്ത്രി പിണറായി വിജയൻ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അങ്കമാലി - എരുമേലി - ശബരി റെയിൽ പാത പദ്ധതി, സിൽവർ ലൈൻ പദ്ധതി തുടങ്ങിയവ ചർച്ചയായി. ഉദ്യോഗസ്ഥതല ചർച്ച നടത്തി പദ്ധതികളിൽ അന്തിമ തീരുമാനം എടുക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി.

റെയിൽ പാത വികസനമായി ബന്ധപ്പെട്ട് കേരളത്തിൻറെ ആവശ്യങ്ങളിൽ അനുകൂല നടപടി സ്വീകരിക്കാമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായി കൂടിക്കാഴ്ചയിൽ പങ്കെടുത്ത മന്ത്രി വി. അബ്ദുറഹ്മാൻ പറഞ്ഞു.

=======================================

## KANNUR – OBIT

കണ്ണൂർ എ.ഡി.എം ആയിരുന്ന നവീൻ ബാബുവിൻറെ സംസ്കാരം ഇന്ന് നടക്കും. മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ഇന്ന് രാവിലെ 10.30 ന് പത്തനംതിട്ട കളക്ടറേറ്റിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് വിലാപയാത്രയായി ഉച്ചയ്ക്ക് ശേഷം മലയാലപ്പുഴ പത്തിശേരി കാരുവേലിൽ വീട്ടിലേക്ക് കൊണ്ടു പോകും. വൈകിട്ട് മൂന്നിന് സംസ്കാരം നടക്കും.

=======================================

## RAIN KERALA

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട തീവ്ര ന്യൂനമർദ്ദം രാവിലെ വടക്കൻ ചെന്നൈയ്ക്ക് സമീപം പുതുച്ചേരിക്കും, നെല്ലൂരിനുമിടയിൽ കരയിൽ പ്രവേശിച്ചേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങി ഉച്ചയോടെ ശക്തി കുറയാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാവകുപ്പ് അറിയിച്ചു. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത നിലനിൽക്കുന്ന പശ്ചാത്തലത്തിൽ തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ

ഇന്ന് മഞ്ഞ ജാഗ്രത. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം റെഡ് അലർട്ട് പ്രഖ്യാപിച്ചു.

========================================

## WAYANAD

വയനാട് ലോക്സഭ മണ്ഡലത്തിൽ അടുത്ത മാസം 13 ന് ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നു. മലപ്പുറം ജില്ലയിൽ മുഴുവനായും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതായി ജില്ലാ കളക്ടർ വി.ആർ. വിനോദ് അറിയിച്ചു.

========================================

## ISRAELI AIR STRIKES

തെക്കൻ ലെബനൻ നഗരമായ നബാത്തിയിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ മേയർ ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടു. നബാത്തിയേ മേഖലയിൽ ശക്തമായി ആക്രമിച്ചതായി ഇസ്രായേൽ സൈന്യം പറഞ്ഞു. വടക്കൻ ഇസ്രായേലിലെ കാർമിയലിൽ നേരെ റോക്കറ്റ് ആക്രമണം നടത്തിയതായി ഹിസ്ബുള്ളയും അറിയിച്ചു.

========================================

## NIGERIA EXPLOSION

നൈജീരിയയിൽ ഇന്ധന ടാങ്കർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ 90-ഓളം പേർ മരിച്ചു. 50 പേർക്ക് പരിക്കേറ്റു. വടക്കൻ ജിഗാവയിലാണ് അപകടമുണ്ടായത്.

==========

====================

==============================